(സി) കയറ്റുമതിക്കാർ.

(ഡി) 11/99 മുതൽ 24 മാസത്തവണകളായി കുടിശ്ശിക അടക്കുവാൻ സാവകാശം കൊടുത്തിട്ടുണ്ട്.

(ഇ) അതാത് സമയത്ത് നോട്ടീസ് അയച്ചു വിഹിതം അടക്കുന്നതിന് വേണ്ട നടപടികൾ എടുത്തു വരുന്നുണ്ട്.

7 (438) സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങൾ

<u>ശ്രീ. പി. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ച ഔദ്യോഗിക പ്രഖ്യാപനം വന്ന ശേഷം സംസ്ഥാന മത്സ്യഫെഡിൽ എത്ര ജീവനക്കാരെ ഇതുവരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇതിൽ കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ജീവനക്കാർ എത്ര; ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാർ എത്ര; ഇവരുടെ പേരും ജോലി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിൽ സ്ഥിര നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ താൽക്കാലികമായി 34 പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 66 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് താത്ക്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ-34. ദിവസ വേതന അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ളവർ - 66.

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ പേരു വിവരം അനുബന്ധം 1 ആയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചവരുടെ തസ്തികയും സ്ഥാപനവും അനുബന്ധം 11 ആയും ചേർത്തിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നവർക്ക് പ്രത്യേക നിയമന ഉത്തരവ് നൽകാറില്ല.†

8 (440) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മൂന്ന് ഫിഷറീസ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ;

(സി) ഇതിന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly